പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 172 07.12.2015-ൽ മറുപടിയ്ക്ക്

**സിനിമാ തീയേറ്ററുകളിലെ സെസ്സ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ബി. ഗണേഷ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പ മന്ത്രി) |
| (എ) സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിന്റെ ഫണ്ട് ശേഖരണാർത്ഥം സിനിമാ തീയേറ്ററുകളിലെ ഓരോ ടിക്കറ്റ് തുകയിൽ നിന്നും 3 രൂപ സെസ്സ് ഇനത്തിൽ ശേഖരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് സെസ്സ് പിരിക്കുവാൻ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. തീയേറ്ററുകളിൽ നിന്നും സെസ്സ് ഇനത്തിൽ പിരിച്ച തുക 18.5.2013 മുതൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ വന്നുചേർന്നിട്ടു ണ്ട്. |
| (ബി) സെസ്സ് ഇനത്തിൽ നാളിതുവരെ എത്ര രൂപ പിരിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ; ഇക്കാര്യത്തിൽ തീയേറ്ററുടമകളുമായി എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | ബി) നാളിതുവരെ (30.11.15) സെസ്സ് ഇനത്തിൽ മൊത്തം 42,00,385/- രൂപയാണ് വന്നുചേർന്നിട്ടുള്ളത്.<br>സെസ്സ് പിരിവുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ ചോദ്യം ചെയ്തുകൊ ണ്ട് കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനും മറ്റുചില കക്ഷികളും ബഹു. കേരള ഹൈക്കോടി മുമ്പാകെ ഫയൽ ചെയ്തിരുന്ന WP.(C)No. 4195/2013, 5465/2013, 4897/2013, 12705/2013 എന്നീ കേസുകളിൽ ഹർജിക്കാരുടെ വാദമുഖങ്ങൾ തള്ളി 12.10.2015-ൽ ബഹു. ഹൈക്കോടതി അന്തിമ വിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധിക്കെതിരെ കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷൻ ഫയൽ ചെയ്ത WA 2300/2015 ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. ഈ റിട്ട് അപ്പീലിൽ 21.10.2015-ൽ ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ 2013 - ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ് ടാക്സ് ഭേദഗതി നിയമം പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളൊന്നും തൽക്കാലം ഹർജിക്കാർക്കെതിരെ കൈക്കൊള്ളരുതെന്ന് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം ആലപ്പുഴനിന്നും സീതാസ് തീയേറ്റർ ഉടമയും തലശ്ശേരിയിലെ ലിബർട്ടി |

| | | |
|---|---|---|
| | | തീയേറ്റർ കോംപ്ലക്സ് ഉടമയും ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) 34632/15 (D) എന്ന കേസ്സിൽ 17.11.2015-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് പ്രകാരം ടി തീയേറ്ററിൽനിന്നുള്ള സെസ്സ് പിരിവ് കേസ്സിലെ കോടതിവിധിക്ക് വിധേയമായിരിക്കുമെന്നും ആക്ട് വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നതുമൂലം ഉണ്ടാകാൻ സാധ്യതയുള്ള പ്രോസിക്യൂഷൻ നടപടികൾക്ക് താൽക്കാലിക വിലക്കും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സെസ്സ് പിരിച്ച് നല്കുവാൻ വിസമ്മതിക്കുന്ന തീയേറ്ററുടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) സെസ്സ് ഉൾപ്പെടെ നികുതികൾ അടക്കാത്ത തീയേറ്ററുകൾക്ക് ലൈസൻസ് / പെർമിറ്റ് നൽകേണ്ടതില്ല എന്ന വ്യവസ്ഥ 2013-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ് ടാക്സ് (ഭേദഗതി) നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീയേറ്ററുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളാൻ പാടില്ല എന്ന് 21.10.2015 ലെWA2300/2015-ലെ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ താല്ക്കാലിക വിധിയും WP(C)34632/15(D) കേസിൽ 17.11.2015 ലെ വിധിയും നിലവിലുള്ളതിനാൽ മേൽ പ്രസ്താവിച്ച നടപടികൾ തൽക്കാലം കൈക്കൊള്ളാനാവില്ല. ഹൈക്കോടതി മുമ്പാകെയുള്ള മേൽപ്പടി റിട്ട് അപ്പീൽ തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ